# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : 650** — **02.11.2016- ൽ മറുപടിയ്ക്ക്**

## <u>സഹകരണ മേഖലയുടെ ആധുനികവത്ക്കരണം</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**" എൽദോസ് കുന്നപ്പിള്ളി**<br>**" എ.പി. അനിൽ കുമാർ**<br>**" എം. വിൻസെന്റ്** | **ശ്രീ. എ.സി.മൊയ്തീൻ**<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ബാങ്കുകളെ വാണിജ്യാടിസ്ഥാനത്തിൽ പുത്തൻ തലമുറ ബാങ്കുകളുമായി കിടപിടിക്കുന്ന വിധം സജ്ജമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ: | (എ) ഉണ്ട്.സഹകരണ ബാങ്കുകളെ സഹകരണമേഖലയിൽത്തന്നെ പുത്തൻ തലമുറ ബാങ്കുകളുമായി കിടപിടിക്കുന്ന രീതിയിൽ സജ്ജമാക്കുന്നതാണ്. |
| ബി) ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു. പ്രധാനമായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.ടി.എം, ആർ.ടി.ജി.എസ്, എൻ.ഇ.എഫ്.റ്റി മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങളാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തി വരുന്നത്. സഹകരണ മേഖലയുടെ ആധുനികവൽക്കരണം സംബന്ധിച്ച് രൂപീകൃതമായ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സഹകരണ സ്ഥാപനങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള കരട് മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം ഭരണസമിതികളിൽ പ്രൊഫഷണലുകളെ ഉൾക്കൊള്ളിക്കുന്നതിന്റെ ഭാഗമായി അർബൻ സഹകരണ ബാങ്കുകളുടെ ഭരണ സമിതിയിൽ പ്രൊഫഷണൽ യോഗ്യതയുള്ള 2 പേരെ തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളാ ബാങ്ക് എന്ന ആശയം സഫലീകൃതമാകുമ്പോൾ എല്ലാ അർത്ഥത്തിലും പുത്തൻ തലമുറ വാണിജ്യബാങ്കുകളുമായി കിടപിടിക്കുന്ന സൗകര്യങ്ങൾ സഹകരണമേഖലയിലുണ്ടാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**